# എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ

## ചാത്തന്നൂർ




# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം :

അടച്ചിരുത്തിലും അഴിച്ചിരുത്തിലും അറിവുകൾ അടിച്ചേൽപ്പിക്കാതെ നവീനകാലത്തിന്റെ പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ സ്വീകരിക്കുമ്പോഴാണ് ഒരു വിദ്യാലയം കാലഘട്ടത്തിന് യോജിച്ചതാകുന്നത്. ഹൈസ്കൂൾ - ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി സന്തോഷത്തോടെ പഠിക്കുന്ന 1800 ഓളം കുട്ടികളാണ് ചാത്തന്നൂർ NSS HSS ന്റെ സമ്പത്ത്. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ട് വരാൻ പര്യാപ്തമായ ഒരു പ്രവർത്തന പദ്ധതിയാണ് ഈ വിദ്യാലയം മുന്നോട്ട് വെക്കുന്നത്. കലാകായിക മേഖലകളിലും അക്കാദമിക പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്നതിനോടൊപ്പം നല്ല വ്യക്തികളായി മാറാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്ന അധ്യാപകർ, അനധ്യാപകർ, രക്ഷകർത്താക്കൾ, തുടങ്ങിയവരുടെ പ്രവർത്തനം സ്കൂളിനെ സഹായിക്കുന്നു.

2024-2025 അക്കാദമിക വർഷം 282 കുട്ടികൾ SSLC പരീക്ഷ എഴുതിയതിൽ 103 full A plus ഉം,

13 9A+ ഉം, 16 8A+ ഉം ഉൾപ്പെടെ 282 കുട്ടികളും വിജയിച്ചു. തുടർച്ചയായി മൂന്നാം വർഷവും full A plus ന്റെ എണ്ണം 100 കടന്നു. തുടർച്ചയായ വർഷങ്ങളിൽ 13 9A+ ഉം, 16 8 A plus ഉം ഉൾപ്പെടെ 100%. കുട്ടികളും വിജയിക്കാൻ കഴിഞ്ഞു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്ത് എന്നത് പോലെ കലാരംഗത്തും, കായികരംഗത്തും ഒരു പോലെ മികവ് പുലർത്താനും ആ മികവിനു നിലവാരം വർദ്ധിപ്പിക്കാനും കലാലത്തിന് കഴിയുന്നു. അതിന് ഉദാഹരണമാണ് സ്കൂൾ കലോൽസവങ്ങളിലെ തുടർച്ചയായ ചാമ്പ്യൻ പട്ടങ്ങൾ.

അക്കാദമിക രംഗത്തെ മികവിന് കാരണം അദ്ധ്യാപകരുടെ കൂട്ടായ്മയും ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് PTA, നാട്ടുകാർ,

ജനപ്രതിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണം കാലകാലങ്ങളായി മാറി വരുന്ന സ്ഥാപന മേധാവികൾക്ക് ഉറപ്പ് വരുത്താൻ കഴിയുന്നു എന്നത് സ്ഥാപനത്തിന്റെ വിജയം തന്നെയാണ്.

ലക്ഷ്യങ്ങൾ :

1. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ.
2. സ്കൂൾ ഓഡിറ്റോറിയം നവീകരണം
3. Maths, Science, ഭാഷ ലാബുകളുടെ നവീകരണം.
4. പ്രവർത്തി പരിചയം എല്ലാം വിദ്യാർത്ഥിക ൾക്കും ഉറപ്പാക്കുക.
5. ശാസ്ത്രവിഷയങ്ങളിൽ കുട്ടികളുടെ മികച്ച സംഭാവന.
6. പ്രവർത്തി പരിചയം എല്ലാം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുക.
7. അടുക്കള, ഡൈനിംഗ് ഹാൾ എന്നിവയുടെ നവീകരണം
8. Talent lab പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
9. കലാ കായിക അക്കാദമി മേഖലകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രതിഭകളെ കണ്ടെത്തി സഹായം ഉറപ്പാക്കുക.

10. എല്ലാം ബിൽഡിംഗിലും വാട്ടർ പ്യൂരിഫയർ.
11. പുതിയ ബ്ലോക്കിലെ രണ്ടാമത്തെ നിലയുടെ നിർമ്മാണം
12. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനായ് ഒരു മിനി ആഡിറ്റോറിയം
13. പ്രകൃതിയെ അറിഞ്ഞ് പഠിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പഠനപാർക്ക് നിർമ്മിക്കുക.

: നേട്ടങ്ങൾ :

* അക്കാദമികവും അക്കാദമികേതരവുമായ മികച്ച പ്രവർത്തനങ്ങളിലൂടെ ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായി.
* നവീകരിച്ച IT lab.
* SSLC പരീക്ഷയിൽ മികച്ച വിജയം.
കലോത്സവത്തിൽ തുടർച്ച വിജയം ഉപജില്ലാ കിരീടം, ജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം, സംസ്ഥാനതലത്തിൽ ഗോത്രച്ചിന്നങ്ങൾ ഉൾപ്പെടെ അറോളം ഇനങ്ങൾ പങ്കെടുപ്പിക്കാൻ സാധിച്ചു
* NMMS, Inspire award ഉള്ള പരീക്ഷ പരിശീലനം
* കുട്ടികളുടെ പഠനപിന്തുണ ഉറപ്പിക്കാൻ ഗൃഹസന്ദർശനം, വിശേഷാൽ പൊതുയോഗം എന്നിവ നടത്തുന്നു.

* കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പിക്കാൻ വൈകുന്നേരം കുട്ടികളെ ഹൈവേ വരെ കൊണ്ട് വിടുന്നു.
* വിദ്യാലയത്തിന്റെ മികവുകൾ പൊതുജനങ്ങളിൽ എത്തിക്കാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു.
* പത്താം ക്ലാസിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
* ക്ലാസുകളിൽ വായനമൂലകൾ സ്ഥാപിക്കുന്നു
* എട്ടാം ക്ലാസിൽ പുതുതായി വന്നിരിക്കുന്ന കുട്ടികളെ മനസിലാക്കി അതിൽ എഴുത്തും വായനയും അറിയാൻ പറ്റാത്തവർക്ക് പഠനപിന്തുണ നൽകുന്നു.

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷാപഠനം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി

ലക്ഷ്യങ്ങൾ :-

ഭാഷാബോധവുമായി ബന്ധപ്പെട്ട് കുട്ടികളെ മികച്ച നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യം സാധൂകരിക്കുന്നതിന് ഉതകുന്ന അക്കാദമിക പ്രവർത്തനങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക/ ചിന്തന |
|---|---|---|---|---|
| 1. എല്ലാം കുട്ടികൾക്കും പഠന പിന്തുണ നൽകുന്നതിനും ഭാഷ അനായാസമായി എഴുതുവാനും വായിക്കാനുമുള്ള ഭാഷാ ശേഷി വികസനം | അക്ഷരബോധനം, ചിഹ്നബോധനം പദ വാക്യനിർമ്മാണം | 3 മാസം | ഭാഷാ അധ്യാപകർ | സ്കൂൾ സ്റ്റാഫ്/ പി.ടി.എ. |
| 2. വായനക്കളരിയിലൂടെ കുട്ടികളുടെ വായന നിലവാരം മെച്ചപ്പെടുത്തുക സംഘം തിരിഞ്ഞുള്ള വായനയിലൂടെ കുട്ടികൾ മെച്ചപ്പെട്ട വായനാനുഭവം നൽകുക | ഓരോ കുട്ടിയുടെയും നിലവാരത്തിനനുസൃതമായ പുസ്തകങ്ങൾ നൽകുന്നു. ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് സചിത്ര ബാലപാഠങ്ങൾ നൽകുന്നു | 6 മാസം | ഭാഷാ അധ്യാപകർ | സ്കൂൾ സ്റ്റാഫ്. |
| 3 പത്രവായന പ്രോത്സാഹിപ്പിക്കുക. | അസംബ്ലിയിൽ ഓരോ കുട്ടിയും ആകർഷകമായി തോന്നുന്ന വാർത്താ തലക്കെട്ടുകൾ വായിപ്പിക്കുന്നു. ഓരോ ദിവസത്തെയും പത്ര വാർത്തകളിലെ പ്രധാന | 5 മാസം | എല്ലാം ഭാഷാ അധ്യാപകർ | സ്കൂൾ സ്റ്റാഫ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
| --- | --- | --- | --- | --- |
| | കാര്യങ്ങൾ നോട്ട് ബുക്കിൽ രേഖപ്പെടുത്തുന്നു. | 1 വർഷം | ഭാഷാ അധ്യാപകർ | സ്കൂൾ |
| 4 സമകാലിക രചനാ സങ്കേതങ്ങൾ പരിചയപ്പെടുക. എഴുത്തിലും വായനയിലും ഇടം പിടിച്ച സോഷ്യൽ മീഡിയ ഇംപാക്ട് ബോധ്യപ്പെടുത്തുക. | വായന രസകരമാക്കുന്നതിന് ട്രോളുകൾ, മീമുകൾ, കാർട്ടൂണുകൾ തുടങ്ങിയവ പരിചയപ്പെടുത്തുകയും അതിലൂടെ മടുപ്പില്ലാതെ വായനലോകം പരിചയപ്പെടുത്തുകയും ചെയ്യുന്നു. | 3 മാസം | ഭാഷാ അധ്യാപകർ | സ്കൂൾ സ്റ്റാഫ് |
| 5 സർഗാത്മകത പരിപോഷിക്കുക. | പതിപ്പുകൾ പ്രസിദ്ധീകരിക്കുക, മാഗസിൻ നിർമ്മിക്കുക, നാടക ശില്പശാല അഭിമുഖങ്ങൾ, സംവാദങ്ങൾ മൊബൈൽ ലൈബ്രറി പ്രത്യേക അസംബ്ലികൾ എന്നിവ സംഘടിപ്പിക്കുക. | 5 മാസം | ഭാഷാ അധ്യാപകർ | സ്കൂൾ സ്റ്റാഫ് |

# സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക/ചിന്തകം |
|---|---|---|---|---|
| 1 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവിയുള്ള ഒരു തലമുറയെ വാർത്തെടുക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | നിശ്ചയിച്ച തീയതികളിൽ (അക്കാദമിക വർഷം) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ ഫണ്ട്/പിടിഎ |
| 2 ജനാധിപത്യം ഒരു ജീവിതരീതിയാണ് എന്ന് മനസ്സിലാക്കുക, പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, പൗരബോധം സാമൂഹ്യബോധം ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ/കുട്ടികൾ |
| 3 ഭൂപട വായന, സ്ഥാനനിർണ്ണയം നടത്താൻ കുട്ടികളെ [illegible] ഇതിൽ നിന്ന് വിവിധ ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കൽ ഉറപ്പിക്കുന്നു | അറ്റ്ലസ് നിർമ്മാണം, പ്രാദേശിക ചരിത്ര രചന | വർഷം മുഴുവൻ (സെപ്റ്റംബർ, ഒക്ടോബർ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ/പിന്തുണ |
|---|---|---|---|---|---|
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാനുതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടതും, ആനുകാലികസംഭവങ്ങളുമായി ബന്ധപ്പെടുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, സംവാദങ്ങൾ ഇവയെക്കുറിച്ച് അവബോധം ഉണ്ടാക്കുക | അക്കാദമികവർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 5 | വ്യവസായശാല, മ്യൂസിയങ്ങൾ, കാവുകൾ, ചരിത്രങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധമേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചിലവ് |
|---|---|---|---|---|---|
| 1 | ആശയധാരണ ഉറപ്പിക്കാൻ | 7-ാം ക്ലാസ് വരെ കുട്ടികൾ പഠിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ഒരു pre test നടത്തുന്നു. ഇവിടെ ചോദ്യ പേപ്പറിൽ കുട്ടികൾക്കുള്ള ലെവൽ പരിശോധിക്കുന്നു. പിന്നാക്കാവസ്ഥയിലുള്ളവരെ ഉൾപ്പെടുത്തി maths clinic രൂപീകരിക്കുന്നു. മിടുക്കരായ കുട്ടികളെ Doctors ആക്കി പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നോട്ട് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ - ജൂലൈ മാസം | ഗണിതശാസ്ത്ര അധ്യാപകർ, അധ്യാപികമാർ ഓരോ ക്ലാസിലെയും മുന്നാക്കം നിൽക്കുന്ന കുട്ടികൾ. | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | കുട്ടികളുടെ കൈവശമുള്ള ജ്യാമിതീയപെട്ടി ഉപയോഗിച്ച് [illegible] ഘട്ടത്തിൽ പരിചയപ്പെട്ടിട്ടുള്ളതും ചുറ്റുപാടും ഉള്ള [illegible] ജ്യാമിതീയരൂപങ്ങൾ വരക്കാനുള്ള ശേഷി നേടുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു. വ്യത്യസ്ത നിർമ്മിതി, ഗണിതരൂപങ്ങൾ ഉൾക്കൊള്ളുന്ന രൂപങ്ങൾ നിർമ്മിക്കുന്നു | ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങൾ | ഗണിതാധ്യാപകർ കുട്ടികൾ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|---|
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് അതിന്റെ പ്രാധാന്യം ബോധ്യപ്പെടൽ | നിത്യജീവിതത്തിൽ ഗണിതം ആവശ്യമായി വരുന്ന സന്ദർഭങ്ങൾ പരിചയപ്പെടുത്തുന്നു. ആവശ്യമെങ്കിൽ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന പഠനപ്രവർത്തനങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തുന്നു ഉദ: കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു | പഠനപ്രവർത്തനഭാഗമായി ബന്ധിപ്പിക്കുന്നതിന് അനുയോജ്യമായ ചെർച്ചാഭാഗങ്ങൾ വരുമ്പോൾ ഉപയോഗിക്കാം സമയാനുസൃതമായി. | | |
| 4 | അടിസ്ഥാനഗണിതശേഷികൾ ഉറപ്പിക്കൽ | ഘട്ടം ഘട്ടമായി അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നു. ക്ലാസിലെ മിടുക്കരായ കുട്ടികളുടെ സഹായത്തോടെ മറ്റുള്ള കുട്ടികൾക്ക് ചതുഷ്ക്രിയകൾ, വർഗം, വർഗമൂലം വിവിധ ജ്യാമിതിയിൽ രൂപങ്ങൾ എന്നിവ മനസിലാക്കുന്നു വൃത്തം, ത്രികോണം, ചതുരം - - - | സെപ്റ്റംബർ ഡിസംബർ | കുട്ടികൾ, അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിനിയോഗം |
|---|---|---|---|---|---|
| 5 | ഗണിത മത്സര വേദികളിലേക്ക് മേളകളിലേക്ക് ഉള്ള മുന്നൊരുക്കം ആരംഭിച്ച് പങ്കാളിത്തം. | ജൂണിലെ അവസാനമോ ആഗസ്റ്റ് ആദ്യമോ ഗണിത മേള സ്കൂൾ തലം നടത്തുന്നു. മത്സരയിനങ്ങൾ പരിചയപ്പെടുത്തുന്നു. നിർദേശം നൽകി മത്സരം നടത്തി സബ്ജില്ലാ തലമത്സരത്തിൽ പങ്കെടുക്കാനുള്ള കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നടത്തി പങ്കെടുപ്പിക്കുന്നു. | സെപ്റ്റംബർ, ഒക്ടോബർ | ഗണിതാധ്യാപകർ. | |

## സയൻസ് അക്കാദമിക മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|
| 1 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രജ്ഞന്മാർ പ്രതിഭയായ ചരിത്രങ്ങളെക്കുറിച്ചുള്ള കുട്ടികളുടെ അവതരണം പരീക്ഷണങ്ങൾ ചർച്ചകൾ ചെയ്ത് സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുക സ്കൂൾതല എക്സിബിഷൻ | 5 മാസം | ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 2 ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി ഓൺ സഹായം നൽകുന്നു | 6 മാസം | ശാസ്ത്ര അധ്യാപകർ | സ്കൂൾ/ പി.ടി.എ. |
| 3 ശാസ്ത്രലാബ് നവീകരണം | ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും അത്യാവശ്യം സജ്ജമാക്കുന്നു | 1 വർഷം | ശാസ്ത്ര അധ്യാപകർ | സ്കൂൾ സ്റ്റാഫ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക/ചിലവുകൾ |
|---|---|---|---|---|
| 4 ശാസ്ത്രമാസിക ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ എന്നിവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കുന്നു. | 1 വർഷം | ശാസ്ത്ര അധ്യാപകർ | സ്കൂൾ സ്റ്റാഫ്. |
| 5 മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 3 മാസം | ശാസ്ത്ര അധ്യാപകർ | സ്കൂൾ/ പിടിഎ. |

## അക്കാദമിക മാസ്റ്റർപ്ലാൻ ഐ.ടി

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/വിഭവം |
|---|---|---|---|---|---|
| 1 | ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ | പഠിക്കാനുള്ള പാഠഭാഗങ്ങളിലെ സാഹിത്യകാരൻമാരുടെ ചിത്രങ്ങളും വിവരങ്ങളും download ചെയ്യുന്നു. AI സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം ലളിതവും രസകരവുമാക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | Little Kite അധ്യാപകർ IT അധ്യാപകർ | സ്കൂൾ |
| 2 | ഐ.ടി രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു | മലയാളം ടൈപ്പിംഗ് പരിശീലനം, Scratch അനിമേഷൻ, internet ഉപയോഗം, ബോധം എന്നതിന്റെ വീഡിയോ ഷെയറിങ്, Documentation എന്നിവ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | Little Kite അധ്യാപകർ IT അധ്യാപകർ | സ്കൂൾ |

## ഉപസംഹാരം :-

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തി കൊണ്ട് മുന്നേറാനും കുട്ടികൾ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കും ഇതിലെ വൈവിധ്യങ്ങളായ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായത് എന്താണോ അത് നല്കാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.